3826
22/4/14

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതി വനിതകൾക്കായി സ്കിൽ അപ്ഗ്രഡേഷൻ ട്രെയിനിംഗ് - തൃശ്ശൂർ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്സ്റ്റൈൽ ഡിസൈനിംഗ് മുഖേന ടെക്സ്റ്റെയിൽ ഓർണമെന്റേഷൻ കോഴ്സ് - പാലക്കാട്, മലപ്പുറം ജില്ലകളിൽ ആരംഭിക്കുന്ന പദ്ധതി അംഗീകരിച്ച് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്**

സ.ഉ. (സാധാ) നം. 575/2014/പജപവവിവ. തീയതി, തിരുവനന്തപുരം, 25/03/2014

---

പരാമർശം:- 11/02/2014 ൽ ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പിന്റെ ഇനം നം. 43 പ്രകാരമുള്ള തീരുമാനം.

**<u>ഉത്തരവ്</u>**

2011 – 2012 സാമ്പത്തിക വർഷം തൃശ്ശൂർ ജില്ലയിലെ 100 പട്ടികജാതി വനിതകൾക്ക് സ്കിൽ അപ്ഗ്രഡേഷൻ ട്രെയിനിംഗ് ആന്റ് പ്ലെയിസ്മെന്റ് ഇൻ ടെക്സ്റ്റെയിൽ ഓർണമെന്റേഷൻ എന്ന കോഴ്സിന് തൃശ്ശൂർ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്സ്റ്റെയിൽ ഡിസൈൻ മുഖേന പരിശീലനം നൽകുന്നതിന് 14,50,000/- രൂപ അനുവദിച്ചിരുന്നുവെന്നും ടി പരിശീലന പദ്ധതി വിജയകരമായി പൂർത്തിയായിട്ടുണ്ടെന്നും അറിയിച്ചുകൊണ്ട്, ടി സ്ഥാപനത്തിൽ പരിശീലനം ലഭിച്ച 100 പേർക്കും പ്രൊഡക്ഷൻ യൂണിറ്റ് തുടങ്ങുന്നതിനും 13 ജില്ലകളിൽ 100 പേർക്ക് പരിശീലനം നൽകുന്നതിനുമായി ടി സ്ഥാപനം സമർപ്പിച്ച പ്രൊപ്പോസൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയുണ്ടായി. 100 പേർക്ക് പ്രയോജനം ലഭിക്കത്തക്ക രീതിയിൽ പ്രൊഡക്ഷൻ യൂണിറ്റ് തുടങ്ങുന്നതിനും, 6 ജില്ലകളിൽ 100 പേർക്ക് വീതം പരിശീലനം നൽകുന്നതിനും ഉള്ള ടി പ്രൊപ്പോസൽ പരിഗണിക്കാവുന്നതാണെന്നും പ്രൊഡക്ഷൻ യൂണിറ്റ് തുടങ്ങുന്നതിന് 23,50,000/- രൂപയും, 6 ജില്ലകളിൽ പരിശീലനം സംഘടിപ്പിക്കുന്നതിന് 1,93,20,000/- (32,20,000 x 6) രൂപയും ചേർത്ത് ആകെ 2,16,70,000/- രൂപ ചെലവ് വരുന്ന ടി പദ്ധതിക്ക് ആവശ്യമായ തുക വകുപ്പിന്റെ നടപ്പ് സാമ്പത്തിക വർഷത്തെ 2225-01-102-96 Assistance for Training and Employment എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്താവുന്നതാണെന്നും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ആയതിൽ ശുപാർശ ചെയ്തിരുന്നു.

(2) 11/02/2014 ൽ ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം ഇക്കാര്യം പരിഗണിക്കുകയും ടി സ്ഥാപനത്തിന് മുൻ വർഷം നൽകിയ നിരക്കിൽ നിന്നും 10% അധികരിച്ച നിരക്കിൽ (ie, 14,50,000 + 10% വർദ്ധനവ് = 15,95,000) രണ്ട് ജില്ലകളിൽ (പാലക്കാട്, മലപ്പുറം) പരിശീലന പദ്ധതി സംഘടിപ്പിക്കുന്നതിന് അംഗീകാരം നൽകുന്നതിന് ശുപാർശ ചെയ്യുകയും ചെയ്തു.

(3) വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ പ്രസ്തുത ശുപാർശ സർക്കാർ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി വനിതകൾക്ക് സ്കിൽ അപ്ഗ്രഡേഷൻ ട്രെയിനിംഗിന്റെ ഭാഗമായി തൃശ്ശൂർ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്സ്റ്റൈൽ ഡിസൈൻ എന്ന സ്ഥാപനം മുഖേന പാലക്കാട്, മലപ്പുറം ജില്ലകളിൽ ടെക്സ്റ്റെയിൽ ഓർണമെന്റേഷൻ കോഴ്സിൽ 31,90,000/- രൂപ ചിലവിൽ, (ഒരു ട്രെയിനിംഗ് പ്രോഗ്രാമിന് 15,95,000/- രൂപ

നിരക്കിൽ ആകെ രണ്ട് പ്രോഗ്രാമുകൾക്കായി 15,95,000 x 2 = 31,90,000/- രൂപ മുപ്പത്തിയൊന്നു ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം) പരിശീലനം സംഘടിപ്പിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(4) ഇതിലേക്കാവശ്യമായ തുക പട്ടികജാതി വികസന വകുപ്പിന്റെ നടപ്പു സാമ്പത്തിക വർഷത്തെ 2225-01-102-96 – Assistance for training and Employment എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്താവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ആർ. കുമാർ**

**അഡിഷണൽ സെക്രട്ടറി**

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് തിരുവനന്തപുരം.
ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്സ്റ്റെയിൽ ഓർണമെന്റേഷൻ, തൃശ്ശൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എസ് & ജി സെക്ടർ), (ഇ & ആർ സെക്ടർ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (വെൽഫെയർ വിംഗ്).
ചീഫ്, വികേന്ദ്രീകൃത ആസൂത്രണ വിഭാഗം
സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ ഐ & പിആർഡി, തിരുവനന്തപുരം.
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

Sd/- K.J

**സെക്ഷൻ ഓഫീസർ.**